(8 pages) **Reg. No. : ..............................**

**Code No. : 20680** **Sub. Code : G 1 MY 21**

U.G. (CBCS) DEGREE EXAMINATION,
APRIL 2013.

Second Semester

Part I — Malayalam

Paper II — PROSE

(For those who joined in July 2012 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്ന്
തെരഞ്ഞെടുത്തെഴുതുക.

1. തകഴി ശിവശങ്കരപ്പിള്ളയ്ക്ക് ജ്ഞാനപീഠം നേടിക്കൊടുത്ത കൃതി

   (a) രണ്ടിടങ്ങഴി (b) ചെമ്മീൻ

   (c) കയർ (d) തോട്ടിയുടെ മകൻ

2. എം.ടി. യുടെ ഏതു നോവലാണ് മഹാഭാരതത്തെ പുനരാഖ്യാനം ചെയ്യുന്നത്?

   (a) രണ്ടാമൂഴം (b) കാലം

   (c) മഞ്ഞ് (d) അസുരവിത്ത്

3. മലയരയന്മാരുടെ ആത്മകഥയും ചരിത്രവുമായ നോവലാണ്

   (a) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

   (b) കയർ

   (c) കൊച്ചരേത്തി

   (d) ചാവേർ

4. 'ഹിഗ്വിറ്റ' എഴുതിയതാര്?

   (a) ആനന്ദ് (b) മുകുന്ദൻ

   (c) എം.ടി. (d) എൻ.എസ്. മാധവൻ

5. 'ഒരു സ്ത്രീയും പറയാത്തത്' എന്ന കഥയുടെ രചയിതാവ് ആര്?

   (a) ലളിതാംബികാ അന്തർജ്ജനം

   (b) രാജലക്ഷ്മി

   (c) അഷിത

   (d) മാധവിക്കുട്ടി

6. 'സെബാസ്ത്യനോസ്സിനോടു പ്രാർത്ഥിക്ക് മോളേ, ഞാൻ ഒരു കൂടുമെഴുകുതിരി നേരാം' - ആരുടെ വാക്കുകൾ?

   (a) മേരി (b) രാഘവൻ

   (c) ഉപ്പായി (d) തെരേസ്സ

7. 'നിങ്ങളെപ്പോലുള്ള മഹാറാണിമാരുടെ കെട്ടിയവന്മാരാണ് സന്ധ്യമയങ്ങിയാൽ എന്റെ അടുത്തേക്ക് എഴുന്നള്ളുന്നത്' - ഈ വാക്കുകൾ ആരുടേത്?

(a) സരള (b) കുപ്പമ്മ

(c) നീതാമെഹ്ത്ത (d) മിസ്സിസ്സ് നായർ

8. 'ചങ്ങമ്പുഴ വിധിയുടെ വേട്ടമൃഗം' - ആരുടെ കൃതിയാണ്?

(a) എം.കെ. സാനു

(b) മുണ്ടശ്ശേരി

(c) എം.പി. വീരേന്ദ്രകുമാർ

(d) സഞ്ജയൻ

9. മാധവിക്കുട്ടിയുടെ ആത്മകഥാപരമായ രചന

(a) ഞാൻ

(b) കണ്ണീരും കിനാവും

(c) കവിയുടെ കാല്പാടുകൾ

(d) നീർമാതളം പൂത്തകാലം

10. 'ഓന്റെ തന്തേ കണ്ടിട്ടല്ലേ ഓനും പഠിക്ക്യാ? കള്ളന്റെ മക്കള് കക്കാണ്ടിരിക്ക്യോ' ആരാണിതു പറഞ്ഞത്?

(a) മീനാക്ഷിയേടത്തി (b) കമലോപ്പു

(c) ചാപ്പൻ നായർ (d) ചിന്നമ്മ



PART B — (5 × 5 = 25 marks)

രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സഹജീവനം 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) ഏകാകിയായൊരു പെൺകുട്ടിയുടെ ആത്മനൊമ്പരങ്ങൾ 'ചെറിയ ചെറിയ ഭൂകമ്പങ്ങളി'ൽ രേഖപ്പെടുത്തുന്നതെങ്ങനെ?

12. (a) 'നീർമാതളം പൂത്തകാല'ത്തിലെ അമ്മാവനെക്കുറിച്ചുള്ള ഓർമ്മകൾ ഗ്രന്ഥകാരി എങ്ങനെ അവതരിപ്പിക്കുന്നു?

അല്ലെങ്കിൽ

(b) അമ്പാഴത്തേൽ കുടുംബത്തിലെ സ്ഥിതിയെക്കുറിച്ച് മാധവിക്കുട്ടി വിവരിക്കുന്നതെങ്ങനെ?

13. (a) 'അത് കീഴ്‌വഴക്കമാണ്. അപ്പനെയും ആങ്ങളയെയും എതിർത്താൽ ചവുട്ടിക്കൊല്ലാനും മടിക്കില്ല. ചോദിക്കാനും പറയാനും ആരുമുണ്ടാവില്ല' - ഈ ചിന്തയുടെ പ്രസക്തിയെന്ത്?

അല്ലെങ്കിൽ

(b) കുഞ്ഞിപ്പെണ്ണ് കൊച്ചുരാമനെയും കൂട്ടി ആശുപത്രിയിൽ നിന്നും ഒളിച്ചോടിയത് എന്തുകൊണ്ട്?

14. (a) 'കറുത്തവരെ വേദനിപ്പിക്കുവാൻ വെള്ളുത്തവർക്ക് യാതൊരു സങ്കോചവുമില്ലെന്നു ആ കാലം മുതല്ക്കേ എനിക്കു മനസ്സിലായി' - ഈ വാക്കുകളുടെ പ്രസക്തിയെന്ത്?

അല്ലെങ്കിൽ

(b) 'പോണേനു മുമ്പേ ഒന്നു കാലുതൊട്ടു തൊഴുതോ. മുത്തശ്ശിയുടെ സ്ഥാനം ഉള്ളതല്ലേ?' - ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

15. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക.

(a) It is very easy to write the biography of a junior member of a Brahmin family who lived some fifty years ago. He was born on such and such a date and day, was named Vasudevan and was called by the pet name Ityasu. On an auspicious day he was caught hold of, his mouth opened and the 51 letters of the language were written with a golden ring on his tongue. The rested gate of wisdom was opened and he was let in. He was initiated to the studentship through a fantastic ceremony considered sacred.

അല്ലെങ്കിൽ



(b) Englishmen battled for the rule of law and regarded it rightly as the sine qua non of a just society. The penal law is the cutting edge of the rule of law and even our colonial masters of yore felt the need to standardise norms of behaviour and rules to regulate social order. The Indian penal code is the product of this thought.

PART C — (5 × 8 = 40 marks)

നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16. (a) മനുഷ്യ-ജീവി ബന്ധത്തിന്റെ ആർദ്രമായ ആഖ്യാനമാണ് 'വെള്ളപ്പൊക്കത്തിൽ' എന്ന കഥ - വിലയിരുത്തുക.

അല്ലെങ്കിൽ

(b) 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

17. (a) മലയാള ചെറുകഥാസാഹിത്യത്തിൽ എൻ.എസ്. മാധവന്റെ സ്ഥാനം 'ചൂളൈമേട്ടിലെ ശവങ്ങ'ളെ മുൻനിർത്തി വിലയിരുത്തുക.

അല്ലെങ്കിൽ

(b) മലയാള നോവൽ സാഹിത്യത്തിൽ ഇതിവൃത്തത്തിന്റെ സവിശേഷതകൊണ്ട് വ്യത്യസ്തമാണ് 'കൊച്ചരേത്തി' - ചർച്ചചെയ്യുക.

18. (a) മലയാളത്തിലെ സഞ്ചാരകൃതികളിൽ വെച്ച് ഉള്ളടക്കംകൊണ്ടും ആഖ്യാനചാരുതകൊണ്ടും വ്യത്യസ്തമാണ് 'ഹൈമവതഭൂവിൽ' - വിലയിരുത്തുക.

അല്ലെങ്കിൽ

(b) മലയാള സാഹിത്യത്തിൽ 'കൊച്ചരേത്തി' എന്ന നോവലിന് ഒരു പ്രത്യേക പ്രാധാന്യമുണ്ട് - ശരിയോ? ചർച്ചചെയ്യുക.

19. (a) ജീവിതത്തിന്റെ ഏതു പ്രതിസന്ധിയെയും തരണം ചെയ്യാൻ മനഃശക്തിയുള്ളവളാണ് കുഞ്ഞിപ്പെണ്ണ് - കൊച്ചരേത്തിയെ മുൻനിർത്തി വിലയിരുത്തുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ സഞ്ചാരസാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക.



20. (a) വികസന പ്രക്രിയയിൽ പാരിസ്ഥിതിക ബോധത്തിന്റെ പ്രസക്തിയെക്കുറിച്ച് ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) മാദ്ധ്യമങ്ങളുടെ വർത്തമാനകാല പ്രസക്തിയെക്കുറിച്ച് ചർച്ചചെയ്യുക.